السنّة النبوية وعلومها
www.sunnah.global

ഇഹലോകത്ത് ഒരാൾ മറ്റൊരാളെ മറച്ചു പിടിച്ചാൽ അല്ലാഹു പരലോകത്ത് അവനെയും മറച്ചു പിടിക്കാതിരിക്കില്ല

> അബൂ ഹുറൈറ -رَضِيَ اللَّهُ عَنْهُ- നിവേദനം: നബി -ﷺ- പറഞ്ഞു: "ഇഹലോകത്ത് ഒരാൾ മറ്റൊരാളെ മറച്ചു പിടിച്ചാൽ അല്ലാഹു പരലോകത്ത് അവനെയും മറച്ചു പിടിക്കാതിരിക്കില്ല."
> [صحيح] [رواه مسلم]

തന്റെ മുസ്ലിമായ സഹോദരന്റെ എന്തെങ്കിലും കാര്യം ഒരാൾ മറച്ചു പിടിക്കുകയാണെങ്കിൽ പരലോകത്ത് അല്ലാഹു അവന് മറ നൽകുന്നതാണ് എന്ന് നബി -ﷺ- അറിയിക്കുന്നു. കാരണം പ്രവർത്തനങ്ങൾക്ക് അവയുടെ ഇനവും തരവും പോലെത്തന്നെയാണ് പ്രതിഫലമുണ്ടായിരിക്കുക. അല്ലാഹു ഒരാൾക്ക് മറ നൽകുക എന്നതിന്റെ ഉദ്ദേശ്യം അവന്റെ തിന്മകളും കുറവുകളും അല്ലാഹു മറച്ചു പിടിക്കുകയും , മഹ്ശറിൽ (പരലോക മഹാസഭ) ഒരുമിച്ചു കൂടുന്നവർക്കിടയിൽ അത് പരസ്യമാക്കാതിരിക്കുകയും ചെയ്യും എന്നാണ്. അവന്റെ തിന്മകളെ വിചാരണ ചെയ്യാതെ വിടുകയും അവനോട് അവയെ കുറിച്ച് പറയാതെയും അല്ലാഹു അവനെ സംരക്ഷിക്കുന്നതാണ് എന്ന അർഥവും ഇവിടെ ഉദ്ദേശിക്കപ്പെടാവുന്നതാണ്.

https://sunnah.global/hadeeth/ml/show/3777

النجاة الخيرية
ALNAJAT CHARITY

لجنة الدعوة الإلكترونية
EDC E-Da'wah Committee